(2)

89996/2020/FCL(BJD)

"ഭരണഭാഷ — മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - ന്യൂഡൽഹി കേരളഹൗസിലും സർക്കാർ അതിഥി മന്ദിരങ്ങളിലും ഔദ്യോഗികം/ സ്വകാര്യം ആവശ്യത്തിന് മുറികൾ അനുവദിക്കുന്നത് - സംബന്ധിച്ച്

---

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

സ.ഉ.(സാധാ) നം. 3548/2020/പൊ.ഭ.വ  തിരുവനന്തപുരം, തീയതി, 17.11.2020

---

പരാമർശം : സ.ഉ.(സാധാ) നം. 3005/2020/പൊ.ഭ.വ. തീയതി, 05.10.2020

## ഉത്തരവ്

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അതിഥിമന്ദിരങ്ങൾ താത്കാലികമായി അടയ്ക്കുകയും തുടർന്ന് പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂഡൽഹി കേരളഹൗസ് ഒഴികെയുള്ള സർക്കാർ അതിഥിമന്ദിരങ്ങളിൽ ഔദ്യോഗികാവശ്യങ്ങൾക്ക് മാത്രമായി മുറികൾ അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

F (8)

ന്യൂഡൽഹി കേരളഹൗസിൽ ഔദ്യോഗിക/സ്വകാര്യ ആവശ്യങ്ങൾക്കും മറ്റ് സർക്കാർ അതിഥി മന്ദിരങ്ങളിൽ സ്വകാര്യ ആവശ്യങ്ങൾക്കും കൂടി മുറികൾ അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

ന്യൂഡൽഹി കേരളഹൗസിൽ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക/സ്വകാര്യ ആവശ്യങ്ങൾക്കും യു.പി.എസ്.സി ഉൾപ്പെടെയുള്ള പരീക്ഷ / ഇന്റർവ്യൂമായി ബന്ധപ്പെട്ട് ഡൽഹിയിലേക്ക് പോകുന്ന മലയാളികളായ ഉദ്യോഗാർത്ഥികൾക്കും രക്ഷിതാക്കൾക്കും പരാമർശിത സർക്കാർ ഉത്തരവിൽ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുറികൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

കൂടാതെ സർക്കാർ അതിഥിമന്ദിരങ്ങളിൽ പരാമർശിത സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന വിഭാഗക്കാർക്ക് പുറമേ മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്കും ഔദ്യോഗികം/സ്വകാര്യ ആവശ്യത്തിന് കൂടി മുറികൾ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ബി. സുനിൽ കുമാർ**
ജോയിന്റ് സെക്രട്ടറി &
സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
ഡയറക്ടർ, ടൂറിസം വകുപ്പ്
സർക്കാർ അതിഥി മന്ദിരങ്ങളിലെ എല്ലാ മാനേജർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ/ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ),
കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ/ഡെ.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്